No/450/2022/SRG/LSGD/CC(10)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.03.2023 ന നടന്ന യോഗത്തിന്റെ നടപടി വിവരം

4.116 **തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം**

**തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 21.02.2023 ലെ** DB3/753/2013/CE/LID & EW **നമ്പർ കത്ത് (SRG 351/23)**

**വിഷയം:-** എഞ്ചിനീയർമാർക്ക് വാഹനം വാടകയ്ക്കെടുക്കുന്നത് സംബന്ധിച്ച്.

**(I)** തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അവയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന് നിലവിൽ സ്വന്തമായി വാഹനമില്ലെങ്കിൽ ഒരു വാഹനം വാടകയ്ക്കെടുക്കാവുന്നതാണെന്ന് ആസൂത്രണ മാർഗ്ഗരേഖയിൽ പറയുന്നുണ്ട്. വാഹനം വാടകയ്ക്കെടുക്കുമ്പോൾ 2017 ന ശേഷമുള്ള വാഹനമായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പല തദ്ദേശസ്ഥാപനങ്ങളിലും ഈ നിബന്ധനകാരണം എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കാൻ കഴിയുന്നില്ല. പദ്ധതി പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം അത്യാവശ്യമായതിനാൽ ക്വട്ടേഷൻ ക്ഷണിക്കുമ്പോൾ 2017 ന ശേഷമുള്ള വാഹനങ്ങൾ ലഭ്യമാകുന്നില്ലെങ്കിൽ, രണ്ടാമത്തെ ക്വട്ടേഷനിൽ വാഹനങ്ങളുടെ പഴക്കം സംബന്ധിച്ച നിബന്ധന ഒഴിവാക്കി ക്വട്ടേഷൻ ക്ഷണിക്കുന്നതിന് അനുവാദമുണ്ടാകണമെന്നത് സംബന്ധിച്ച്.

**തീരുമാനം :-** പൊതു തീരുമാനം ഖണ്ഡിക 3.6 ബാധകമാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**(ii)** പ്രതിമാസം പരമാവധി 36,000 രൂപയിൽ അധികരിക്കാതെ പരമാവധി 2000 കി.മീ ഓടുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന വ്യക്തിയെ തെരഞ്ഞെടുക്കാവുന്നതാണെന്നും 2000 കി.മീ ഓടിയില്ലെങ്കിൽ പോലും ക്വാട്ട് ചെയ്യുന്ന തുക എത്രയാണോ അത് നൽകാവുന്നതാണെന്നും കോഓർഡിനേഷൻ കമ്മിറ്റി സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എന്നാൽ ഹൈറേഞ്ച് മേഖലകളിലും ഒപ്പം വിസ്തൃതി കൂടിയ തദ്ദേശഭരണസ്ഥാപനങ്ങളിലും പ്രതിമാസം പരമാവധി തുക 36,000 രൂപയെന്നത് കുറവാണെന്ന് അറിയിച്ചിട്ടുണ്ട്. അത്തരം സാഹചര്യങ്ങളിൽ ഈ തുക വർദ്ധിപ്പിച്ച് നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** സംസ്ഥാനത്ത് മറ്റു വകുപ്പുകളിൽ നിലനിൽക്കുന്നതിനേക്കാൾ ഉയർന്ന നിരക്കാണ് ഇത് എന്ന് യോഗം വിലയിരുത്തി. ആവശ്യം നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**